ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# മാഗ്നസ് ഗുസ്തവ് മിട്ടാഗ് ലഫ്ളർ

**മിട്ടാഗ് ലഫ്ളർ പത്രാധിപരായുള്ള അക്റ്റമാത്തറ്റിക്ക ജേർണലിൽ ആദ്യകാലത്തുതന്നെ വളരെ പ്രശസ്തരായ ഗണിതശാസ്ത്രജ്ഞന്മാരുടെ രചനകൾ പ്രസിദ്ധീകരിക്കപ്പെട്ടു. അക്റ്റമാത്തമറ്റിക്ക ഗണിതലോകത്ത് വളരെ പ്രശസ്തമാവുകയും ഗണിതലേഖനങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ഒരു അന്താരാഷ്ട്ര വേദിയായിത്തീരുകയും ചെയ്തു. ജേർണലിന്റെ നായകൻ എന്ന നിലയിൽ ലഫ്ളർക്ക് ധാരാളം അഭിനന്ദനങ്ങൾ ലഭിച്ചു. കൂടാതെ തന്റെ കണ്ടുപിടുത്തങ്ങൾ യഥാസമയം പ്രസിദ്ധീകരിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു.**

ഊർജതന്ത്രം, രസതന്ത്രം തുടങ്ങിയ ശാസ്ത്രവിഷയങ്ങൾക്ക് നല്കപ്പെടുന്ന ലോകത്തിലെ ഏറ്റവും വലിയ പുരസ്കാരമായ നോബൽ സമ്മാനം ശാസ്ത്രങ്ങളുടെ റാണി എന്നറിയപ്പെടുന്ന ഗണിതശാസ്ത്രത്തിന് നല്കുന്നില്ല. ഇതിനു കാരണമായി പറയപ്പെടുന്നത് നോബൽ സമ്മാനം ആവിഷ്കരിച്ച ആൽഫ്രെഡ് നോബലിന് ഗണിതശാസ്ത്രജ്ഞനായിരുന്ന മിട്ടാഗ് ലഫ്ളറോടുള്ള വിദ്വേഷമായിരുന്നുവത്രെ. തന്റെ പേരിലുള്ള സമ്മാനം ഒരിക്കലും ലഫ്ളർക്ക് ലഭിക്കരുത് എന്നതിനാൽ ഗണിതശാസ്ത്രത്തെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനിടയായി എന്നു വിശ്വസിക്കപ്പെടുന്നു.

മാഗ്നസ് ഗുസ്തവ് മിട്ടാഗ് ലഫ്ളർ 1846 മാർച്ച് 16ന് ജോൺ ഒളോഫ്-ലഫ്ളർ ഗുസ്തവിലേമിന മിട്ടാഗ് ദമ്പതികളുടെ മൂത്തപുത്രനായി സ്റ്റോക്ക്ഹോമിൽ ജനിച്ചു. പിതാവ് സ്റ്റോക്ക്ഹോമിലെ ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. കുറേക്കാലം സ്വീഡിഷ് പാർലമെണ്ടിൽ ഡെപ്യൂട്ടിയായി സേവനമനുഷ്ഠിച്ചിരുന്നു. മിട്ടാഗിന്റെ ഒരു സഹോദരൻ പ്രസിദ്ധനോവലിസ്റ്റും മറ്റൊരു സഹോദരൻ ഒരു എൻജിനീയറുമായിരുന്നു.

മിട്ടാഗിന്റെ പ്രാഥമിക വിദ്യാഭ്യാസം ആദ്യം വീട്ടിൽവച്ചു തന്നെയായിരുന്നു. പിന്നീട് പിതാവിന്റെ സ്കൂളിൽവച്ചും. അക്കാലത്തുതന്നെ ഗണിതത്തിലുള്ള താത്പര്യം പ്രകടിപ്പിച്ചിരുന്നു. സെക്കണ്ടറി സ്കൂളിൽ എത്തിയപ്പോൾ എല്ലാ ഗണിതക്ലാസിൽ നിന്നും ഒഴിവാക്കപ്പെടുകയും ഉയർന്ന ഗണിതം പഠിക്കാൻ അനുവദിക്കുകയും ചെയ്യപ്പെട്ടതോടെ അഗസ്റ്റിൻ ലൂയിസ് കോഷിയുടേതുൾപ്പെടെ ഗണിതത്തിന്റെ ഉയർന്ന പാഠങ്ങൾ പഠിക്കാൻ മിട്ടാഗിന് അവസരം ലഭിച്ചു.

1865ൽ ഉപ്പ്സല സർവകലാശാലയിൽ ചേർന്നു. 1872ൽ ഡോക്ടറേറ്റ് ബിരുദം നേടി. അതേവർഷം, അതേ സർവകലാശാലയിൽ ലക്ചററായി ഉദ്യോഗം ലഭിച്ചെങ്കിലും മൂന്നു വർഷം പഠിക്കാൻ ഒരു സ്റ്റൈപ്പന്റ് ലഭിച്ചതുകാരണം ഒരു വർഷം പാരീസിൽ പഠനത്തിന് ചെലവഴിച്ചു. പാരീസിലെ പഠനത്തിനിടയിൽ അക്കാലത്തെ പ്രശസ്ത ഗണിതശാസ്ത്രപണ്ഡിതന്മാരായ ഹെർമൈറ്റിനെപ്പോലുള്ളവരെ പരിചയപ്പെടാൻ സാധിച്ചു. പിന്നീട് രണ്ടു വർഷം ബർലിനിലേക്ക് പോയി. പാരീസിൽ വെച്ച് പരിചയപ്പെട്ട ഹെർമൈറ്റുമായി മരിക്കുന്നതുവരെ അടുത്ത സൗഹൃദം മിട്ടാഗ് സൂക്ഷിച്ചിരുന്നു.

ബെർലിനിൽ വെച്ച് പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ വയർസ്ട്രസ്സുമായി പരിചയപ്പെട്ടു. ഈ സൗഹൃദവും വർഷങ്ങളോളം നീണ്ടുനിന്നു. 1872 മുതൽ 1882 വരെ അദ്ദേഹം ഹെൽസിംഗ്ഫോറിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. 1881ൽ ഒരു സംഘടന സ്ഥാപിക്കുകയും സംഘടനയുടെ ആവശ്യാർത്ഥം യൂറോപ്പിലുടനീളം സഞ്ചരിക്കുകയുമുണ്ടായി. സ്റ്റോക്ക്ഹോമിൽ പുതുതായി സ്ഥാപിക്കപ്പെട്ട സർവകലാശാലയിൽ ആദ്യത്തെ പ്രൊഫസർ ആയി നിയമിക്കപ്പെട്ടു. ഈ ഉദ്യോഗത്തിൽ കയറിയ ഉടനെ 'അക്റ്റമാത്തമറ്റിക്ക' എന്ന ഒരു അന്തർദേശീയ ജേർണൽ മിട്ടാഗ് ആരംഭിച്ചു. ഇതിന്റെ ആദ്യത്തെ പത്രാധിപസമിതിയിൽ സ്കാൻഡിനേവിയൻ രാഷ്ട്രങ്ങളായ സ്വീഡൻ, ഡെൻമാർക്ക്, ഫിൻലാന്റ്, നോർവെ എന്നിവിടങ്ങളിലെ പ്രശസ്ത ഗണിതശാസ്ത്രജ്ഞന്മാർ അംഗങ്ങളായിരുന്നു.

മിട്ടാഗ് ലഫ്ളർ പത്രാധിപരായുള്ള ഈ ജേർണലിൽ ആദ്യകാലത്തു തന്നെ വളരെ പ്രശസ്തരായ ഗണിതശാസ്ത്രജ്ഞന്മാരുടെ രചനകൾ പ്രസിദ്ധീകരിക്കപ്പെട്ടു. അക്റ്റമാത്തമറ്റിക്ക ഗണിതലോകത്ത് വളരെ പ്രശസ്തമാവുകയും ഗണിതലേഖനങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ഒരു വേദിയായിത്തീരുകയും ചെയ്തു. ജേർണലിന്റെ നായകൻ എന്ന നിലയിൽ ലഫ്ളർക് ധാരാളം അഭിനന്ദനങ്ങൾ ലഭിച്ചു. കൂടാതെ തന്റെ കണ്ടുപിടുത്തങ്ങൾ യഥാസമയം പ്രസിദ്ധീകരിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു.



*മിട്ടാഗ് ലഫ്ളർ*

ഒരു ഗണിതശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾ നിരവധിയാണ്. ഗണിതലോകത്തേക്കുള്ള ലഫ്ളറുടെ സംഭാവന കണ്ടുപിടുത്തങ്ങളിൽ മാത്രം ഒതുക്കിയില്ല. അനേകം ഗണിതശാസ്ത്രജ്ഞന്മാർക്ക് ഗവേഷണം നടത്താനുള്ള പ്രചോദനവും അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയിൽ നിന്നുണ്ടായി. ഇതുകാരണം ധാരാളം പേർ ഗണിതഗവേഷണത്തിൽ ആകൃഷ്ടരായി. ഇതുവഴി ഗണിതലോകത്തിന് കുറെയേറെ ഗണിതശാസ്ത്രജ്ഞന്മാരെ ലഭിച്ചു. അവരുടെ കണ്ടുപിടുത്തങ്ങൾക്ക് പരോക്ഷമായി ലഫ്ളറും അദ്ദേഹത്തിന്റെ ജേർണൽ അക്റ്റമാത്തമറ്റിക്കയും കടപ്പെട്ടിരിക്കുന്നു.

1927 ജൂലൈ 12ന് ലഫ്ളർ അന്തരിക്കുമ്പോൾ അനേകം സർവകലാശാലകളുടെ ഹോണററി ഡോക്ടർ ബഹുമതികൾ അദ്ദേഹത്തിനു ലഭിച്ചു കഴിഞ്ഞിരുന്നു. ഭാരതത്തിലെ കൊൽക്കത്ത മാത്തമാറ്റിക്കൽ സൊസൈറ്റി, ബനാറസ് മാത്തമാറ്റിക്കൽ സൊസൈറ്റി എന്നിവിടങ്ങളിലുൾപ്പെടെയുള്ള ലോകത്തെ നിരവധി സ്ഥാപനങ്ങളിൽ വിശിഷ്ടാംഗവുമായിരുന്നു അദ്ദേഹം.

• • • • •

7>>

# കുരുതിച്ചോര നുണയുന്ന ടിപ്പർലോറികൾ

■ ■ ■

**കരിനീലിച്ച മനഃസാക്ഷിയും വിധ്വംസനത്തിന്റെ ഒരുക്കുകൂട്ടലും ചേർന്ന ആക്രമണോത്സുകതയും, കാരുണ്യമിയലാത്ത ക്രൗര്യം സ്വകാര്യചേഷ്ടയാക്കി മാറ്റിയവരുടെ ആപത്ക്കരമായ തേർവാഴ്ചയുമാണ് നമ്മുടെ നിരത്തുകളെ കുരുതിത്തറകളാക്കുന്നത്. നിയമത്തിന്റെ പ്രവൃദ്ധമായ അന്ധകാരത്തിൽ കടന്നുകൂടുമ്പോഴും പഴുതുകൾ നോക്കി പുറത്തുവരാൻ സഹായകമാംവിധം ക്രമീകരിച്ച നിയമം ഇവർക്കു തുണയാവുന്നു. വാഹനാപകടമുണ്ടാക്കുന്ന ഡ്രൈവറുടെ ലൈസൻസ് ആലുവായിൽ റദ്ദുചെയ്താൽ ആലപ്പുഴയിലെത്തി പുനഃസ്ഥാപിക്കാനാവുമെന്ന വിചിത്രമായ നിയമം ആക്ഷേപകരമാണെന്നു ചൂണ്ടിക്കാണിച്ചതു മറ്റാരുമല്ല; മുൻ ഗതാഗത മന്ത്രി കെ. ബി. ഗണേഷ്കുമാറാണ്.**

■ ■ ■

മനുഷ്യജീവൻകൊണ്ട് കുത്തിയോട്ടം നടത്തി നിരത്തുകൾ കുരുതിക്കളമാക്കുന്നവർക്ക് കടിഞ്ഞാണിടുമെന്ന ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവനയ്ക്കും ട്രാഫിക് ഐജി ബി.സന്ധ്യയുടെ തീരുമാനത്തിനും ഫലം കണ്ടുതുടങ്ങി. മരണപ്പാച്ചിലിനായി ഉണ്ണാവ്രതമെടുത്ത് വേഗപ്പൂട്ടിനെ അകറ്റിനിർത്തിയവരെ കണ്ടെത്തി പിഴയിടാനും റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും മുമ്പെങ്ങുമില്ലാത്ത ആവേശം!

രാവിലെ എട്ടുമുതൽ പത്തുവരെയും, വൈകിട്ട് മൂന്നു മുതൽ അഞ്ചുവരെയും പൊതുനിരത്തുകളിൽ ടിപ്പർലോറികൾക്ക് നിരോധനം ആദ്യമല്ല. നിയമം ഫലപ്രദമായി നടപ്പാക്കാതെ, ഒഴുക്കൻ മട്ടിലൊരു വഴിപാടൊരുക്കാൻ വർത്തമാനകാല ഭരണരാഷ്ട്രീയത്തിന്റെ ഒത്താശയും, മണൽ-പാറ മാഫിയകളുടെ കൈക്കരുത്തുമുണ്ടായിരിക്കണം.

കരിനീലിച്ച മനഃസാക്ഷിയും വിധ്വംസനത്തിന്റെ ഒരുക്കുകൂട്ടലും ചേർന്ന ആക്രമണോത്സുകതയും, കാരുണ്യമിയലാത്ത ക്രൗര്യം സ്വകാര്യചേഷ്ടയാക്കി മാറ്റിയവരുടെ ആപത്ക്കരമായ തേർവാഴ്ചയുമാണ് നമ്മുടെ നിരത്തുകളെ കുരുതിത്തറകളാക്കുന്നത്. നിയമത്തിന്റെ പ്രവൃദ്ധമായ അന്ധകാരത്തിൽ കടന്നുകൂടുമ്പോഴും പഴുതുകൾ നോക്കി പുറത്തുവരാൻ സഹായകമാംവിധം ക്രമീകരിച്ച നിയമം ഇവർക്കു തുണയാവുന്നു. വാഹനാപകടമുണ്ടാക്കുന്ന ഡ്രൈവറുടെ ലൈസൻസ് ആലുവായിൽ റദ്ദുചെയ്താൽ ആലപ്പുഴയിലെത്തി പുനഃസ്ഥാപിക്കാനാവുമെന്ന വിചിത്രമായ നിയമം ആക്ഷേപകരമാണെന്നു ചൂണ്ടിക്കാണിച്ചതു മറ്റാരുമല്ല; മുൻ ഗതാഗത മന്ത്രി കെ.ബി.ഗണേഷ്കുമാറാണ്.

ധനസഹായവും അനുശോചനവും കൊണ്ട് പരേതാത്മാക്കളുടെ കുടുംബത്തോട് അനുതപിക്കുമ്പോഴും അപകടങ്ങളെ അതിജീവിക്കാനാവാതെ പുതിയ വിളംബരത്തിന്റെ ദുന്ദുഭി മുഴക്കുകയാണ് അധികാരികളും! അപസർപ്പക നോവലിലെ ചിത്രീകരണം പോലെ ശിഥിലമായ സഞ്ചാരപഥം നിത്യജീവിതത്തിലെ ആർഭാടമാവേണ്ടതാണോ? വീതിവിസ്താരമുള്ള സൂപ്പർ ഹൈവേയെന്നത് സ്വപ്നപദ്ധതിയായി തുടരുമ്പോഴും യാത്രക്കാരന്റെ ജീവനെയോർത്തെങ്കിലും നമ്മുടെ വാഹന-റോഡ് നിയമം പരിഷ്ക്കരിക്കേണ്ടതില്ലേ?

തവണവ്യവസ്ഥകളുടെ ധാരാളിത്തം കൊണ്ട് വാഹനയുടമകളായിത്തീരുന്നവരുടെ പൊങ്ങച്ചം ഒരു ധാർമിക പെരുമാറ്റച്ചട്ടമെങ്കിലും ആവശ്യപ്പെടുന്നുണ്ട്. ഇതെഴുതുമ്പോഴും മൂവാറ്റുപുഴയിലെ വാഴക്കുളത്തും, കൊച്ചി-മധുര ദേശീയപാതയിലെ കോലഞ്ചേരി പുതുപ്പനത്തും കാസർകോടു ജില്ലയിലെ രാജപുരത്തും പാണത്തൂരും നാലു പേരുടെ ജീവനപഹരിച്ച ടിപ്പർ അറുപതു പേരെയാണ് പരിക്കേല്പ്പിച്ചത്.

ചോരനുണയാൻ വേണ്ടി മാത്രം മരണപ്പാച്ചിൽ നടത്തുന്ന ടിപ്പർലോറികൾക്കു മാത്രമായി ഒരു വഴിത്താരയും വേഗപ്പൂട്ടും ഉണ്ടാവുമോ? ഏതു നിയമത്തിന്റെയും തീവ്രത പരമകാരുണികനായ പോലീസ് കോൺസ്റ്റബിളിന്റെ മൂക്കിൻ തുമ്പിൽ പര്യവസാനിക്കുന്നു എന്നിരിക്കെ, ഇപ്പോഴത്തെ ശീഘ്രപരിഷ്ക്കാരത്തിന്റെ ഫലശ്രുതിയെന്തെന്ന് കാത്തിരുന്നു കാണാം. ◈

## >> 8 അറിവിന്റെ മുത്തശ്ശി ഹൈഡൽബർഗ് സർവകലാശാല

1622ൽ ഹൈഡൽബർഗ് സർവകലാശാലയുടെ സുപ്രസിദ്ധമായ ലൈബ്രറി 'ബിബ്ലിയോത്തേക്കാ പാലാത്തീന'യുടെ പുസ്തക ശേഖരം അവ സൂക്ഷിച്ചിരുന്ന സർവകലാശാലാ കത്തീഡ്രൽ ദേവാലയത്തിൽ നിന്നു മോഷ്ടിച്ച് റോമിലേക്ക് കടത്തിക്കൊണ്ടുപോയി. ഇവ തിരിച്ചു കിട്ടുന്നതിനായി ഇന്നും നയതന്ത്ര ശ്രമം തുടരുന്നു. 1683ൽ ലൂയി പതിനാലാമൻ ഹൈഡൽബർഗ് ആക്രമിച്ചപ്പോൾ ഉണ്ടായ നഷ്ടങ്ങൾ നികത്താനാവാത്തതുമായിരുന്നു.

സർവകലാശാലയുടെ വളർച്ചയും യൂറോപ്പിന്റെ ഡീസെൻട്രലൈസേഷനും എല്ലാം വളരെ ചേർന്നു സംഭവിച്ചിട്ടുള്ള ചരിത്രവിഷയങ്ങളാണ്. ചരിത്രപരമായ ഒരു വഴിത്തിരിവിലേക്കു വീണ്ടും സർവകലാശാല വളർന്നുവന്നത് പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ്.

സംഭവബഹുലമായ പരിവർത്തനം 1803ൽ സംഭവിച്ചു. ഇന്നത്തെ ബാഡൻ വ്യൂർട്ടംബർഗ് സംസ്ഥാനത്തിന്റെ ഒരു ഭാഗമായ ബാഡൻ രാജ്യാധികാരി കാൾസ് ഫ്രീഡിഷ് രാജാവ് സർവകലാശാലയെ തന്റെ രാജ്യത്തിന്റ സ്വന്തമായി വിളംബരം ചെയ്തു. സർവകലാശാലയുടെ പേരിനോട് തന്റെ പേരുകൂടി കൂട്ടിച്ചേർത്ത് "റൂപ്രെഹ്ട് - കാൾസ് സർവകലാശാലയെന്ന്'' പുതിയ പേരും നല്കി. അദ്ദേഹം സർവകലാശാലയുടെ റെക്ടറും പരമാധികാരിയുമായി സ്വയം പ്രഖ്യാപിച്ചു.



ഫ്രീഡിഷ് രാജാവ് ഭരണം ഏറ്റെടുത്തതോടെ സർവകലാശാലയുടെ വളർച്ച ധൃതഗതിയിലായി. എന്നാൽ ജർമൻ നാഷണൽ സോഷ്യലിസ്റ്റുകളുടെ ഭരണകാലത്ത് സർവകലാശാല വളരെ വേദനാജനകമായ സംഭവങ്ങൾക്ക് സാക്ഷിയാവേണ്ടിയും വന്നു. യഹൂദരുടെ പുസ്തകങ്ങൾ സർവകലാശാലാങ്കണത്തിൽ നാസ്സികൾ ചുട്ടുകരിച്ചു കളഞ്ഞു. അന്നുണ്ടായിരുന്ന കുറെ പ്രൊഫസർമാരും വിദ്യാർത്ഥികളും പുസ്തകങ്ങൾ കത്തിക്കുന്നതിൽ നാസ്സികളോടൊപ്പം ചേർന്നു. ഈ നടപടിയെ എതിർത്തിരുന്ന മറ്റു ചില പ്രൊഫസർമാരും വിദ്യാർത്ഥികളും നാസ്സികളുടെ കൈകളിൽ പിടഞ്ഞു മരിക്കേണ്ടി വന്നു. "ദി ലിവിംഗ് സ്പിരിറ്റ്" എന്നതുമാറ്റി അതിനുപകരം "ദി ജർമൻ സ്പിരിറ്റ്" എന്ന സർവകലാശാലയുടെ കവാടത്തിൽ നാസ്സികൾ എഴുതിവച്ചു. എന്നിരുന്നാലും യുദ്ധാനന്തര സർവകലാശാല ശരവേഗത്തിൽ വീണ്ടും അതിന്റെ പൂർവവിശുദ്ധിയിലേക്ക് മടങ്ങിയെത്തി.

ഹൈഡൽബർഗ് സർവകാലശാല അന്തർദേശീയമായി അമിതപ്രാധാന്യമർഹിക്കുന്ന മഹത്സ്ഥാപനമാണ്. ലോകപ്രസിദ്ധരായ പ്രതിഭകളുടെ പാദങ്ങൾ സ്പർശിച്ചിട്ടുള്ള പുണ്യസ്ഥലമാണ്. അക്കാദമിക് അച്ചടക്കം മുൻനിർത്തി സേവനം ചെയ്തിട്ടുള്ള മഹത്വ്യക്തികൾ, ലോക അംഗീകാരം ലഭിച്ചിട്ടുള്ള തത്വശാസ്ത്രജ്ഞർ, കവികൾ, നിയമജ്ഞർ, ദൈവശാസ്ത്ര പണ്ഡിതന്മാർ, ശാസ്ത്രജ്ഞർ, മുപ്പതിലേറെ നോബൽ പ്രൈസ് ജേതാക്കൾ, ഓസ്കാർ പ്രൈസ് ജേതാക്കൾ, ലൈബ്നിസ് ലൗറേറ്റുകൾ, ജർമനിയുടെ അഞ്ച് ചാൻസലർമാർ, ബെൽജിയം, ഗ്രീസ്, തായ്ലാൻഡ് തുടങ്ങി വിവിധ രാഷ്ട്രത്തലവന്മാർ ഇങ്ങനെ എണ്ണമറ്റ തിളക്കമേറിയ പ്രതിഭകളുടെ പഠനക്കളരിയാണ് സർവകലാശാല.

സർവകലാശാലയുടെ അന്തർദ്ദേശീയ പ്രാധാന്യവും ബന്ധങ്ങളും ശക്തമാണെന്നു പറഞ്ഞല്ലൊ. ഉദാഹരണമായി കേംബ്രിഡ്ജ്, ഓക്സ്ഫോർഡ്, ഹാർവാർഡ് തുടങ്ങി നിരവധി പ്രസിദ്ധ സർവകലാശാലകളുമായി പാർട്ണർ



ഷിപ്പ് പ്രവത്തനങ്ങൾ വഴി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും സ്ഥാപനങ്ങൾക്കും മാതൃകാപരമായ അന്തർദ്ദേശീയ സൗഹൃദമാണ് വാഗ്ദാനം ചെയ്യുന്നത്.

സർവകലാശാലയുടെ പ്രവർത്തനം പന്ത്രണ്ട് ഫാക്കൽറ്റികളിൽ ഒതുക്കിയാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങൾ അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിലൊരു വിഭാഗമാണ് സർവകലാശാലയുടെ സൗത്ത് ഏഷ്യൻ വിഭാഗം. ഇന്ത്യയിൽ നൂഡൽഹിയിൽ ഒരു കേന്ദ്രം പ്രവർത്തിക്കുന്നു.

കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയുമായി ഒരു പാർട്ണർഷിപ്പ് കരാർ 2006ൽ ഒപ്പുവയ്ക്കുകയുണ്ടായി. നിർഭാഗ്യവശാൽ ഹൈഡൽബർഗ് സർവകലാശാലയിൽ ഉദ്ഘാടനച്ചടങ്ങ് നടന്നതല്ലാതെ തുടർനടപടികളില്ലാത്ത മഹാത്മാഗാന്ധി സർവകലാശാലാധികൃതരുടെ കെടുകാര്യസ്ഥത "ഏട്ടിലെ പശു പുല്ലുതിന്നുമോ''യെന്ന ചൊല്ല് അന്വർത്ഥമാക്കി.

623 വർഷം നീണ്ട അനുഭവസമ്പത്തുമായി ഹൈഡൽബർഗ് സർവകലാശാല ഇന്ന് 'അറിവിന്റെ മുത്തശ്ശി' യായി നിലകൊള്ളുന്നു. ◈

**കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയുമായി ഒരു പാർട്ണർഷിപ്പ് കരാർ 2006ൽ ഒപ്പുവയ്ക്കുകയുണ്ടായി. നിർഭാഗ്യവശാൽ ഹൈഡൽബർഗ് സർവകലാശാലയിൽ ഉദ്ഘാടനച്ചടങ്ങ് നടന്നതല്ലാതെ തുടർനടപടികളില്ലാത്ത മഹാത്മാഗാന്ധി സർവകലാശാലാധികൃതരുടെ കെടുകാര്യസ്ഥത "ഏട്ടിലെ പശു പുല്ലുതിന്നുമോ"യെന്ന ചൊല്ല് അന്വർത്ഥമാക്കി.**




## അറിവിന്റെ ലോകം

വി.കെ.ഹരിദാസ്

## ഇ-മെയിൽ

**പ**ണ്ടൊക്കെ വിവരങ്ങളറിയാനും ദൂരെയുള്ള ആളുകളുമായി ആശയങ്ങൾ കൈമാറാനും കത്തുകളിലൂടെ മാത്രമേ കഴിയുമായിരുന്നുള്ളൂ. തപാൽ മാർഗം കത്തുകൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനും മറുപടി ലഭിക്കാനും ദിവസങ്ങളും ആഴ്ചകളും മാത്രമല്ല, ദൂരത്തിനനുസരിച്ച് മാസങ്ങൾ തന്നെ വേണ്ടിവരുമായിരുന്നു! ഇപ്പോഴാകട്ടെ ഭൂമിയുടെ ഏതു കോണിൽനിന്നും സന്ദേശമയയ്ക്കുമ്പോൾ നിമിഷങ്ങൾക്കകം തന്നെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്ന സംവിധാനമായിക്കഴിഞ്ഞു! ഇതിന്റെ പേരാണ് ഇലക്ട്രോണിക് മെയിൽ അഥവാ ഇ-മെയിൽ.

റേ ടോം ലിൻസൺ എന്ന അമേരിക്കൻ കമ്പ്യൂട്ടർ എഞ്ചിനീയറാണ് 1971ൽ ആദ്യത്തെ ഇ-മെയിൽ സംവിധാനം കണ്ടുപിടിച്ചത്. അമേരിക്കൻ പ്രതിരോധ വകുപ്പിന്റെ 'അർപാനെറ്റ്' പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്റർനെറ്റ് രൂപപ്പെട്ടപ്പോൾതന്നെയാണ് ഇ-മെയിൽ സംവിധാനവും നിലവിൽ വന്നത്. 'അർപാനെറ്റ്' പദ്ധതിയിലെ കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാർ തമ്മിൽ തമ്മിൽ പലപ്പോഴും ആശയവിനിമയം അത്യാവശ്യമായിരുന്നു.



എന്നാൽ കടലാസിൽ കൂടിയുള്ള എഴുത്തുകളല്ലാതെ ഇതിനു പറ്റിയ നൂതന സംവിധാനമൊന്നും അന്ന് ലഭ്യമായിരുന്നില്ല. ഇതു മനസ്സിലാക്കിയ ടോം ലിൻസൺ SNDMSG, READ MAIL എന്നീ പ്രോഗ്രാമുകൾ എഴുതി അവ ഫയൽ ട്രാൻസ്ഫർ പ്രോട്ടോക്കോളുമായി ബന്ധിപ്പിച്ചു. SNDMSG എന്ന പ്രോഗ്രാം ഒരു സന്ദേശം എഴുതി അയയ്ക്കാനും READ MAIL എന്ന പ്രോഗ്രാം ആ സന്ദേശം മറ്റൊരു കമ്പ്യൂട്ടറിൽ വായിക്കാനും വേണ്ടിയായിരുന്നു തയ്യാറാക്കിയിരുന്നത്. അതോടെ ആദ്യത്തെ ഇലക്ട്രോണിക് മെയിൽ സംവിധാനം നിലവിൽവന്നു.

ഒരേ മുറിയിൽ തന്റെ പിന്നിൽ ഇരുന്ന് ജോലി ചെയ്യുന്നയാൾക്കായിരുന്നു ടോം ലിൻസൺ ആദ്യത്തെ ഇ-മെയിൽ സന്ദേശം അയച്ചത്! കമ്പ്യൂട്ടർ കീ ബോർഡിലെ ഇംഗ്ലീഷ് അക്ഷരങ്ങളുടെ മുകളിലെ വരിയിലുള്ള QWERTY-UIOP എന്നീ അക്ഷരങ്ങളായിരുന്നു ആദ്യത്തെ ഇ-മെയിൽ സന്ദേശം! ഇ-മെയിൽ വിലാസത്തിൽ @ (at) എന്ന സംവിധാനം രൂപകല്പന ചെയ്തതും ടോം ലിൻസൺ തന്നെയായിരുന്നു. ഒരാൾ ഏതു കമ്പ്യൂട്ടറിൽ ഇരിക്കുന്നുവെന്നറിയാൻ ("at what computer'') വേണ്ടിയായിരുന്നു അദ്ദേഹം ഈ പ്രതീകം ഉപയോഗിച്ചത്. 1980കളിൽ ഇന്റർനെറ്റ് വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയതിനെത്തുടർന്ന് 1989ൽ ആദ്യത്തെ വാണിജ്യാടിസ്ഥാനത്തിലുള്ള ഇ-മെയിൽ സംവിധാനം നിലവിൽവന്നു.

******



# ശാസ്ത്രം പ്രകൃതിയിൽ

നുറുങ്ങറിവുകൾ

ടി.കെ.മാറിയിടം

'ശാസ്ത്രം' എന്നു കേൾക്കുമ്പോൾ മനസ്സിലെത്തുക വലിയ പരീക്ഷണ ശാലകൾ, ഗഹനങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾ, പണ്ഡിതരായ ശാസ്ത്രജ്ഞന്മാർ എന്നിങ്ങനെ പലതുമാണ്. എന്നാൽ സാധാരണ മനുഷ്യന് അഗമ്യമായ എന്തോ ഒന്നായി കരുതേണ്ടതാണോ ശാസ്ത്രം? അത്ര പരിമിതമാണോ ശാസ്ത്രത്തിന്റെ നിർവചനം? അതറിയാൻ നാം ചുറ്റുമൊന്നു കണ്ണോടിച്ചാൽ മതി.



നമ്മുടെ സ്വീകരണ മുറിയിലെ അക്വേറിയത്തിൽ തുള്ളിക്കളിക്കുന്ന വർണമത്സ്യങ്ങളോടൊപ്പം നാം ജലസസ്യങ്ങളെ വളർത്തുന്നത് എന്തിനാണ്? മത്സ്യം ശ്വസിക്കുമ്പോൾ പുറത്തുവിടുന്ന കാർബൺ ഡയോക്സൈഡ് സസ്യത്തിന് സ്വീകാര്യമാണ്, ആഹാരനിർമാണത്തിന്. ഉപോത്പന്നമായി സസ്യം പുറത്തുവിടുന്ന ഓക്സിജൻ മത്സ്യത്തിനും ഉപകരിക്കുന്നു. ഈ വാതക കൈമാറ്റത്തിൽ ശാസ്ത്രമുണ്ട്.

നമ്മുടെ കിണർ തേകുവാൻ വരുന്നവർ ചെയ്യുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? അവർ ഒരു കടലാസ് തുണ്ട് കത്തിച്ചു കിണറ്റിലേക്കിടുന്നു. അതിന്റെ അവരോഹണത്തിനിടയിൽ എവിടെങ്കിലും വെച്ച് തീയണയുന്നുണ്ടോ? എങ്കിൽ അതിനടിയിലേക്ക് ഓക്സിജൻ ഇല്ലെന്നർത്ഥം. തുടർന്ന് അടുത്ത മരത്തിൽ നിന്ന് ധാരാളം ഇലകളുള്ള ഒരു ചില്ല മുറിച്ചെടുത്ത് കയറിൽ കെട്ടി കിണറ്റിലേക്ക് താഴ്ത്തുന്നു.

കയർ കപ്പിയിൽ കോർത്ത് മുകളിലേക്കും താഴേക്കും പലതവണ വലിച്ചു വായു സഞ്ചാരം സൃഷ്ടിക്കുന്നു. ഒപ്പം കമ്പിലെ ഇലകൾ കിണറ്റിലുള്ള കാർബൺഡയോക്സൈഡിനെ വലിച്ചെടുത്ത് ഓക്സിജനെ തിരിച്ചു നല്കുന്നു. പഴയ പരീക്ഷണം ആവർത്തിക്കുമ്പോൾ തീ അണയുന്നില്ല, കടലാസ് താഴെ ജലത്തിൽ പതിക്കുന്നതുവരെ. ആഴങ്ങളിൽ പ്രാണവായു എത്തിയെന്നു സാരം.

ലോറിയിൽ മരക്കഷണങ്ങൾ കയറ്റുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ബലമുള്ള രണ്ട് നീളൻ കമ്പുകൾ പ്ലാറ്റ്ഫോമിലേക്കു ചാരിവെയ്ക്കുന്നു. നിലത്തു നിന്ന് ഈ കമ്പുകളിലൂടെ മരം ഉരുട്ടിക്കയറ്റുന്നു. ഫലം യാന്ത്രിക ലാഭം. കമ്പുകളുടെ ചായ്വ് കൂടുന്തോറും അധ്വാനഭാരം കുറയുന്നു.

ഭാരമുള്ള സ്യൂട്ട്കെയ്സ് തൂക്കിപ്പിടിക്കുന്നത് വിഷമകരം. ചെറിയ വീൽഘടിപ്പിച്ച് തറയിലൂടെ വലിക്കുമ്പോൾ വളരെ എളുപ്പം. ഉരുളുന്ന ചക്രം ഉരസലൊഴിവാക്കുമ്പോൾ അധ്വാനം കുറയുന്നു എന്നത് ശാസ്ത്രം.



ത്രാസിന്റെ തട്ടുകൾ ഉയർന്നുതാഴുകയും നേരെനിന്ന് തൂക്കം കാണിക്കുകയും ചെയ്യുന്നത് ഉത്തോലകതത്വ പ്രകാരമാണ്. കപ്പിയിൽ കോർത്ത കയറിനറ്റത്ത് തൊട്ടികെട്ടി കിണറ്റിൽ നിന്ന് വെള്ളം വലിച്ചു കയറ്റുന്നതിലും കുട്ടികൾ സീസോയിലിരുന്നു കളിക്കുന്നതിലും തത്ത്വം ഇതുതന്നെ. എന്നാൽ ഉയരത്തിലുള്ള ടാങ്കിൽ നിന്ന് പൈപ്പിലൂടെ വെള്ളമൊഴുകി താഴെയുള്ള ബാത്ത്റൂമിലെത്തുന്നത് സൈഫൺ തത്ത്വപ്രകാരമാണ്.

തൊടിയിലൂടെ പറക്കുന്ന വണ്ടുകളും ശലഭങ്ങളും വർണപുഷ്പങ്ങളുടെ കാതിൽ സ്വകാര്യം പറയുന്നതും അവ തലയാട്ടുന്നതും കണ്ടിരിക്കും. ദിവസങ്ങൾക്കപ്പുറം പൂക്കളുടെ സ്ഥാനത്ത് കായ്കൾ! അപ്പോഴാണ് രഹസ്യം മനസ്സിലാകുന്നത്! നിശാപുഷ്പങ്ങൾക്ക് വെള്ളനിറവും സുഗന്ധവും ലഭിച്ചതെന്തിന്? നിശാശലഭങ്ങളെ ആകർഷിക്കാനും ജന്മോദ്ദേശ്യം നിറവേറ്റാനും. ഇവിടെ ശാസ്ത്രവും കലയും സമ്മേളിക്കുന്നു!

കൊറ്റികളുടെ സംഘം പുലർച്ചെ പടിഞ്ഞാറേക്ക് ഇരതേടിപ്പോകുന്നു. അവിടെ കായലും പുഴയും വയലും അവയ്ക്ക് തീറ്റയൊരുക്കുന്നു- മത്സ്യം, ഞണ്ട്, ഞൗണി, കക്കാ എന്നിവ. വൈകുന്നേരം മടക്കം, കിഴക്കൻ മലകളിലെ വന്മരങ്ങളിൽ ചേക്കേറാൻ. രാത്രിയിൽ അവ വിസർജിക്കുമ്പോൾ കാത്സ്യം, ഫോസ്ഫറസ്, യൂറിക് ആസിഡ് എന്നിവയാൽ മണ്ണ് സമ്പുഷ്ടമാകുന്നു. അവയെ മരങ്ങൾ സ്വീകരിക്കുന്നു. ശേഷിക്കുന്നവ മഴവെള്ളത്തിൽ ലയിച്ച് പടിഞ്ഞാറേക്ക്. ഇതൊരു ചാക്രീയ വിനിമയം ആണ്. ഇത്തരം ചാക്രീയതയിലാണ് ഇവിടെ ജീവന്റെ നിലനില്പു തന്നെ. അതറിയാൻ ജീവികളുടെ ദിനചര്യ ശ്രദ്ധിച്ചാൽ മതി.

കന്നുകാലികൾ, മാൻ, മുയൽ, സിംഹം, കടുവ, കുരങ്ങ്, കാക്ക, കുയിൽ, മയിൽ എന്നിവയെല്ലാം കൊറ്റികളെപ്പോലെ ദിനചരങ്ങളാണ്. എന്നാൽ നിശാചരങ്ങളോ? വാവൽ, മൂങ്ങ തുടങ്ങിയവ സായ്ഹ്നത്തിൽ ഇരതേടിയിറങ്ങുന്നു. രാത്രിയിൽ ഉണർന്നിരിക്കുന്നു. ഉഷസ്സിനു മുമ്പേ മാളങ്ങളിലേക്കും മരപ്പൊത്തുകളിലേക്കും മടങ്ങുന്നു. ഇവിടെയുമുണ്ട് ചാക്രീയത. അതിനു ഭംഗംവരുത്തുന്നത് ആധുനിക മനുഷ്യൻ മാത്രം. വ്യവസായ യുഗത്തിൽ ജീവിതം കരുപ്പിടിപ്പിക്കാനുള്ള യത്നത്തിൽ നമുക്ക് രാത്രി ജോലി ചെയ്യേണ്ടി വരും.

മലഞ്ചെരുവിൽ വീടുവെയ്ക്കുന്നത് അവിടുത്തെ നിമ്നോന്നതത്വം നഷ്ടപ്പെടുത്താതെ സാധിക്കില്ലേ? ആ വീടിന്റെ ഉമ്മറത്തിരുന്ന് അകലങ്ങളിലേക്ക് നോക്കുമ്പോൾ ലഭിക്കുന്ന പ്രകൃതിദൃശ്യം എത്ര വലിയ സമ്പത്താണ്! പകരം കുന്നുകൾ ഇടിച്ച് മണ്ണെടുത്ത് ദൂരെ വയലുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കുമ്പോൾ ക്ഷതം സംഭവിക്കുന്നത് പ്രകൃതിയുടെ ശാസ്ത്രീയ അടിത്തറയ്ക്കാണ്. അതുവഴി നഷ്ടമാകുന്നത് ജൈവസന്തുലനമാണ്. വംശനാശം സംഭവിക്കുന്നത് നമുക്കുപകാരികളായ അനേകവർഗം ജീവികൾക്കാണ്. ഒപ്പം ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ, കൃഷിനാശം, സുനാമി, ജീവനാശം... അങ്ങനെ എണ്ണമറ്റ ദുരന്തങ്ങളും.

കൂട്ടുകാരേ, ശാസ്ത്രം എന്നാലെന്ത്? എവിടെ, എങ്ങനെ എന്നു നാം കണ്ടു. പുരോഗതി എന്ന പേരിൽ നാം ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ശാസ്ത്രഭംഗമാണെന്നും മനസ്സിലായി. ഇനിയെങ്കിലും നമുക്കു ചുറ്റുമുള്ള പ്രകൃതിയെ സ്നേഹിച്ച് അതിന്റെ ഭാഗമായി ജീവിച്ചുകൊണ്ട് നമുക്കൊരു പുതിയ ശാസ്ത്രീയ അവബോധം കൈവരിക്കാം.

# തണ്ണീർമുക്കം ബണ്ടിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കണം

## കേരളാ കോൺഗ്രസ് (എം)

തണ്ണീർമുക്കം ബണ്ടിന്റെ തകർച്ചക്ക് വഴിവെയ്ക്കുന്നതും പരിസ്ഥിതി സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതുമായ പ്രവർത്തനങ്ങൾ തടയണമെന്ന് കേരളാ കോൺഗ്രസ് (എം) ചേർത്തല നിയോജകമണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

വേമ്പനാട്ട് കായലിന് കുറുകെ നിർമിച്ചിട്ടുള്ള തണ്ണീർമുക്കം ബണ്ടിന്റെ മധ്യഭാഗം മണൽച്ചിറയാണ്. അരനൂറ്റാണ്ട് മുമ്പ് ബണ്ടിന്റെ പണി ആരംഭിച്ച കാലത്ത് നിർമിച്ച ഈ മണൽച്ചിറയിലൂടെയാണ് ചേർത്തല, വൈക്കം, കുമരകം പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് കടന്നുപോകുന്നത്. ദേശീയ ജലപാതാവികസനത്തിന്റെ ഭാഗമായി വേമ്പനാട്ട് കായലിലെ ഒരു കനാലിന്റെ വീതിയും ആഴവും കൂട്ടുന്നതിന് സർക്കാർ ടെൻഡർ കൊടുക്കുകയുണ്ടായി. സർക്കാർ പണം ഉപയോഗിച്ച് കനാൽ താഴ്ത്തുമ്പോൾ കിട്ടുന്ന മണ്ണ് ബണ്ടിന്റെ മണൽച്ചിറ ബലപ്പെടുത്തുന്നതിനും വെള്ളപൊക്കത്തിൽ മുങ്ങിപ്പോകാതെ മണൽച്ചിറയുടെ ഉയരം കൂട്ടുന്നതിനും ഉപയോഗിക്കേണ്ടതാണ്.

എന്നാൽ കുഴിച്ചെടുക്കുന്ന മണ്ണ് സർക്കാരിനെ കബളിപ്പിച്ചുകൊണ്ട് ലോഡിന് ആയിരക്കണക്കിന് രൂപ നിരക്കിൽ നൂറുകണക്കിന് ലോഡ് മണ്ണാണ് ടിപ്പർ ലോറികളിൽ ദിവസേന കോൺട്രാക്ടർ വിറ്റ് കാശാക്കുന്നത്. സർക്കാരിന് കിട്ടേണ്ട ലക്ഷക്കണക്കിന് രൂപ ഇതുമൂലം നഷ്ടപ്പെടുന്നു. ഈ കുഴിക്കൽ മൂലം ബണ്ടിന്റെ മധ്യഭാഗത്തുള്ള മണൽച്ചിറതന്നെ തകർന്നുപോകാനിടയുണ്ട്. സമീപപ്രദേശങ്ങളായ തണ്ണീർമുക്കം, മുഹമ്മ പഞ്ചായത്തുകളുടെ കായലോര ഭൂമിയും അനിയന്ത്രിതമായ ഈ കുഴിക്കലിൽപെട്ട് താണുപോകാനും രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാനും സാധ്യതയുണ്ട്.

അതിനാൽ അപകടകരമായ ഈ സ്ഥിതിയിൽ നിന്നും തണ്ണീർമുക്കം ബണ്ടിനെയും സമീപപ്രദേശങ്ങളെയും രക്ഷിക്കാൻ കായലിൽ നിന്നുള്ള മണൽക്കടത്ത് പൂർണമായി നിരോധിക്കണം. ഈ ആഴം കൂട്ടൽ നടത്തുമ്പോൾ ലഭിക്കുന്ന സർക്കാർ വക മണ്ണ് ബണ്ടിന്റെ മണൽച്ചിറ ബലപ്പെടുത്താനും ഉയരം കൂട്ടാനും ഉപയോഗിക്കണമെന്നും കേരളാ കോൺഗ്രസ് (എം) ആവശ്യപ്പെട്ടു.

നിയോജകമണ്ഡസലം പ്രസിഡണ്ട് തോമസ് വടക്കേക്കരി അധ്യക്ഷത വഹിച്ചു. വി.ടി. ജോസഫ്, ജോൺ പുളിക്കപ്പറമ്പിൽ, എം.ജോയി, സി.ഇ.അഗസ്റ്റിൻ, എ.ജോർജ്, കെ.ജെ.തോമസ്, ജെയിംസ് അഴകന്തറ, ജേക്കബ് കാട്ടിപ്പറമ്പിൽ, വർക്കി കാളാരൻ എന്നിവർ പ്രസംഗിച്ചു.

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

## 13-19 സെപ്റ്റംബർ 2009

പി. ആർ



## കേരളം

**13.** ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ മേല്നോട്ടമുണ്ടായിരുന്ന കഴിഞ്ഞ മണ്ഡലകാല- മകരവിളക്ക് സീസണിൽ ശബരിമലയിൽ ലക്ഷങ്ങളുടെ ക്രമക്കേട് നടന്നതായി ഓഡിറ്റ് റിപ്പോർട്ട്.



- ലോക്സഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി മുൻ കെ.എസ്.ഇ.ബി. ജീവനക്കാരൻ ചാൾസ് ഡയസ് നോമിനേറ്റ് ചെയ്യപ്പെട്ടു.

**14.** മുതിർന്ന സിപിഐ നേതാവും മുൻ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുമായ പി.കെ.വേണുഗോപാലകൃഷ്ണൻ (86) അന്തരിച്ചു.

- സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരളാ ഭൂസംരക്ഷണ (ഭേദഗതി) ബിൽ നിയമസഭ പാസ്സാക്കി.

**15.** കാലിക്കട്ട് സർവകലാശാലയിലെ എട്ട് അധ്യാപകരെ പിരിച്ചുവിട്ട സിൻഡിക്കേറ്റ് നടപടി ചാൻസലർ കൂടിയായ ഗവർണർ ആർ.എസ്.ഗവായ് സ്റ്റേ ചെയ്തു.



- എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ച് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി.

**16.** പ്രമുഖ സിപിഎം നേതാവും മുൻ ഡെപ്യൂട്ടി സ്പീക്കറുമായ പി.കെ.ഗോപാലകൃഷ്ണൻ (85) അന്തരിച്ചു.

- ഗുരുവായൂർ ക്ഷേത്രം മേല്ശാന്തിയായി ഓതിക്കൽ കുടുംബാംഗം പഴയം സുബ്രഹ്മണ്യൻ നമ്പൂതിരി (57) യെ തിരഞ്ഞെടുത്തു.

**17.** സംസ്ഥാനത്ത് നിയമവാഴ്ച തകർന്ന് ജനാധിപത്യത്തിന്റെ അടിത്തറ ഇളകിയിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) ലീഡർ കെ.എം.മാണി.



- സംസ്ഥാന സർക്കാരിന്റെ തിരുവോണം ബമ്പർ ഒന്നാംസമ്മാനമായ രണ്ടു കോടിയും 200 പവനും കട്ടപ്പന പുളിയൻമല ഗവൺമെണ്ട് ട്രൈബൽ യു.പി.സ്കൂൾ തമിഴ് മീഡിയം അധ്യാപകൻ ബി.മണികണ്ഠന്.

**18.** കുട്ടനാട് കാർഷിക ദുരിതാശ്വാസ പാക്കേജിന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ 50 കോടി രൂപ കൂടി അനുവദിച്ചു.



- എം.ജി.സർവകലാശാല സെനറ്റിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ എസ്.എഫ്.ഐ ഒമ്പതു സീറ്റിലും കെ.എസ്.യു ആറു സീറ്റിലും വിജയിച്ചു.

**19.** മുല്ലപ്പെരിയാർ സമരസമിതിയുടെ നേതൃത്വത്തിൽ തുടരുന്ന റിലേ നിരാഹാര സമരത്തിന്റെ 1000-ാം ദിവസം ചപ്പാത്തിൽ പെരിയാറിനു കുറുകെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ മനുഷ്യ അണക്കെട്ട് തീർത്തു.

- കൊച്ചിയിൽ നടന്ന സൗന്ദര്യമത്സരത്തിൽ ബാംഗ്ലൂർ സ്വദേശി ജോവിറ്റാ എസ്റ്റിബറിയോ മിസ് സൗത്ത് ഇന്ത്യ-2009 ആയി തെരഞ്ഞെടുക്കപ്പെട്ടു.



## ദേശീയം

**13.** രാജ്യാന്തര ശീതളപാനീയ കമ്പനികൾ തങ്ങളുടെ ഉത്പന്നങ്ങളിൽ ചേർക്കുന്നതിനുള്ള പഞ്ചസാര വിദേശത്തുനിന്നും വാങ്ങണമെന്ന്, രാജ്യത്ത് പഞ്ചസാരയുടെ വില ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നിർദേശിച്ചു.



- അഴിമതി കേസിൽ പ്രതി ചേർക്കപ്പെടുന്ന പൊതുപ്രവർത്തകരെയോ ഉന്നത ഉദ്യോഗസ്ഥരെയോ വിചാരണ ചെയ്യാൻ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് സുപ്രീംകോടതി വിധി.



**14.** വാജ്പേയി സർക്കാരിന്റെ കാലത്ത് ചില മുതിർന്ന ബിജെപി നേതാക്കൾ അയോധ്യയിലെ രാമക്ഷേത്ര നിർമാണത്തെ എതിർത്തിരുന്നതായി പാർട്ടിയുടെ ദേശീയ ജനറൽ സെക്രട്ടറി വിനയ് കട്യാർ.



- ഇന്ത്യാ ടുഡേ സർവേയിൽ ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ട കേരളത്തിനുള്ള അവാർഡ് ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രധനമന്ത്രി പ്രണബ്കുമാർ മുഖർജിയിൽ നിന്ന് ഏറ്റുവാങ്ങി.

**15.** രാജ്യത്തെ പത്രപ്രസിദ്ധീകരണങ്ങളുടെ പ്രചാരം കണക്കാക്കുന്നതിനുള്ള ആധികാരിക ഏജൻസിയായ ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻസിന്റെ (എ.ബി.സി.) അധ്യക്ഷനായി ദി പെനിൻസുല ഫൗണ്ടേഷൻ ചെയർമാൻ സുബ്രതോ ചതോപാധ്യായയെ തെരഞ്ഞെടുത്തു.

- പശ്ചിമബംഗാളിൽ 27 വർഷം തുടർച്ചയായി ഇടതുമുന്നണി ഭരിച്ചുവന്ന സിലിഗുഡി മുൻസിപ്പാലിറ്റി തിരഞ്ഞെടുപ്പിൽ 47ൽ 30 സീറ്റിലും കോൺഗ്രസ്-തൃണമൂൽ കോൺഗ്രസ് സഖ്യം അട്ടിമറി വിജയം നേടി.

- 1998 ഫെബ്രുവരി 14ന് 58 പേരുടെ മരണത്തിനിടയാക്കിയ കോയമ്പത്തൂർ ബോംബ് സ്ഫോടന കേസിൽ ശിക്ഷിക്കപ്പെട്ട് പത്തുവർഷമായി തടവിൽ കഴിഞ്ഞുവന്ന ഒൻപത് പേരെ, മുൻ തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ സ്ഥാപകനുമായ സി.എൻ.അണ്ണാദുരൈയുടെ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ മോചിപ്പിച്ചു.

**16.** വിവിധ സംസ്ഥാനങ്ങളിലായി രാജ്യത്തെ 40,000 ചതുരശ്ര കിലോമീറ്റർ പ്രദേശം മാവോയിസ്റ്റ്, നക്സൽ ഗ്രൂപ്പുകളുടെ നിയന്ത്രണത്തിലാണെന്ന് കേന്ദ്രസർക്കാർ.

- തമിഴ്നാടിന്റെ ശക്തമായ എതിർപ്പ് നിലനില്ക്കെ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കുന്നതിനായി വനമേഖലയിൽ സർവേ നടത്താൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിന് അനുമതി നല്കി.



**17.** പീഡിത വ്യവസായങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള സമിതിയായ ബോർഡ് ഓഫ് ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ റീകൺസ്ട്രക്ഷൻ (ബിഐഎഫ്ആർ) ചെയർമാനായി മലയാളിയായ കെ.ചെറിയാൻ വർഗീസ് ചുമതലയേറ്റു.

- പ്രമുഖ ഇംഗ്ലീഷ് സാഹിത്യകാരിയും ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി മുൻ പ്രൊഫസറുമായിരുന്ന മീനാക്ഷി മുഖർജി (72) അന്തരിച്ചു.

- വിമാനത്തിലെ ഇക്കണോമിക് ക്ലാസ്സിനെ കന്നുകാലി ക്ലാസ്സെന്ന് പരാമർശിച്ച വിദേശകാര്യ സഹമന്ത്രി ശശി തരൂരിനെ മന്ത്രിസഭയിൽനിന്ന് പുറത്താക്കണമെന്ന് ബി.ജെ.പി.

**18.** മുംബൈയിൽ നിന്നും ഡൽഹി വരെ 1483 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേയുടെ പശ്ചിമചരക്കുപാത പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ നിർമാണത്തിനായി 17,700 കോടി രൂപയുടെ ജപ്പാൻ വായ്പ വാങ്ങാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു.

**18.** രാജീവ് ഗാന്ധി വധക്കേസിൽ ശിക്ഷിക്കപ്പെട്ട് വെല്ലൂർ ജയിലിൽ കഴിയുന്ന നളിനി, ഭർത്താവ് മുരുകൻ എന്നിവർ എം.സി.എ. പരീക്ഷ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായതായി ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചു.

**19.** മുംബൈ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ജമാ അത്തുദ്ദവ തലവൻ ഹാഫിസ് മുഹമ്മദ് സയീദിനെതിരെ നടപടി എടുക്കുന്നതിനെ ആശ്രയിച്ചിരിക്കും തുടർന്നുള്ള ഇന്ത്യ-പാകിസ്ഥാൻ സമാധാന ചർച്ചയെന്ന് വിദേശകാര്യ മന്ത്രി എസ്.എം.കൃഷ്ണ.

- പഞ്ചാബിലെ സീറാ ഗ്രാമത്തിൽ അനധികൃതമായി സൂക്ഷിച്ച 34 കോടി രൂപയോളം വില വരുന്ന 97,500 ക്വിന്റൽ പഞ്ചസാര റെയ്ഡു ചെയ്ത് പിടിച്ചെടുത്തു.



## വിദേശം

**13.** ഇന്ത്യ പദ്മവിഭൂഷൺ നല്കി ആദരിച്ച ലോകപ്രശസ്ത കൃഷിഗവേഷകനും നോബൽ സമ്മാന ജേതാവുമായ നോർമൻ ബൊർ ലോഗ് (95) അമേരിക്കയിൽ ടെക്സസിലെ ഡാലസിൽ അന്തരിച്ചു.

- പാകിസ്ഥാൻ തീവ്രവാദ സംഘടനയായ ജയ്ഷ്-ഇ-മുഹമ്മദ് പാക് അധീന പഞ്ചാബ് പ്രവിശ്യയിലെ ബഹവൽപൂരിൽ ആറര ഏക്കറിൽ വൻ പരിശീലനകേന്ദ്രം ആരംഭിച്ചതായി ബ്രിട്ടീഷ് പത്രം ഡെയ്ലി ടെലിഗ്രാഫ് റിപ്പോർട്ടു ചെയ്തു.

- കസാഖ്സ്ഥാനിലെ താൽഡി കോർഗാന നഗരത്തിലെ ലഹരി വിമുക്ത ചികിത്സാ കേന്ദ്രത്തിൽ പുലർച്ചെയുണ്ടായ തീപിടുത്തത്തിൽ രോഗികളടക്കം 38 മരണം.

**14.** കൊളംബിയ ബഹിരാകാശ ദുരന്തത്തിൽ മരിച്ച ഇസ്രായേൽ ബഹിരാകാശ സഞ്ചാരി ബലൻ റമോണിന്റെ മകനും ഇസ്രായേൽ വ്യോമസേനാംഗവുമായ ലഫ്റ്റനന്റ് അസഫ് റമോൺ (21) അന്തരിച്ചു.

- സെപ്റ്റംബർ 11 മാതൃകയിൽ വിമാനങ്ങൾ റാഞ്ചി ആക്രമണം നടത്താൻ പദ്ധതിയിട്ട മൂന്നു ബ്രിട്ടീഷ് പൗരന്മാർക്ക് കോടതി ജീവപര്യന്തം തടവുശിക്ഷ വിധിച്ചു.

- അതിർത്തിയിൽ പാകിസ്ഥാൻ സൈന്യം സൃഷ്ടിച്ച പ്രകോപനങ്ങളാണ് എല്ലാ ഇന്തോ-പാക് യുദ്ധങ്ങൾക്കും വഴിവച്ചതെന്ന്, മുംബൈ ഭീകരാക്രമണ കേസിലെ പ്രതി അജ്മൽ അമീർ കസബ് പാകിസ്ഥാൻകാരനാണെന്നു വെളിപ്പെടുത്തിയതിനെത്തുടർന്ന് നീക്കം ചെയ്യപ്പെട്ട മുൻ പാകിസ്ഥാൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മഹ്മൂദ് അലി ദുറാനി.

**15.** 2008 ഡിസംബർ 14നു ബാഗ്ദാദിൽ വാർത്താസമ്മേളനത്തിനിടെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോർജ് ബുഷിനു നേരെ ഷൂസെറിഞ്ഞ ഇറാഖി മാധ്യമപ്രവർത്തകൻ മുന്ദാസർ അൽ സെയ്ദി ഒൻപതു മാസത്തിനു ശേഷം ജയിൽമോചിതനായി.

- രാജ്യാന്തര ഇടപെടലിനെത്തുടർന്നുണ്ടായ ഒത്തുതീർപ്പുധാരണ പ്രകാരമാണ് പർവേസ് മുഷറഫ് പ്രസിഡണ്ടു പദമൊഴിഞ്ഞതും സുരക്ഷിതമായി രാജ്യം വിട്ടതുമെന്നു പ്രസിഡണ്ട് ആസിഫ് അലി സർദാരി.



- കൊൽക്കത്ത പശ്ചാത്തലമാക്കിയുള്ള 'സിറ്റി ഓഫ് ജോയ്' എന്ന സിനിമയിലൂടെ പ്രശസ്തനായ ഹോളിവുഡ് നടൻ പാട്രിക് സ്വെയ്സ് (57) അർബുദത്തെത്തുടർന്ന് അന്തരിച്ചു.



**16.** ഉത്തരകൊറിയ, ഇറാൻ, ചൈന, റഷ്യ എന്നീ രാജ്യങ്ങൾ അമേരിക്കയ്ക്ക് വൻഭീഷണിയാണ് ഉയർത്തുന്നതെന്ന് യു.എസ്. ഇന്റലിജൻസ് റിപ്പോർട്ട്.

- ലെബനൻ പ്രധാനമന്ത്രി സാദ് അൽ-ഹരീരിയെ രണ്ടാംവട്ടവും തത്സ്ഥാനത്തേക്ക് പാർലമെണ്ട് നാമനിർദേശം ചെയ്തു.

- ഒരു മാസം നീണ്ടുനിന്ന ഗാസ ആക്രമണത്തിൽ അന്താരാഷ്ട്ര മനുഷ്യാവകാശങ്ങളെല്ലാം ഇസ്രായേൽ ലംഘിച്ചതായി യു.എൻ. നിയോഗിച്ച സമിതി.

**17.** മക്കഹറം പള്ളിയിൽ പ്രാർത്ഥനയ്ക്കു ശേഷം മടങ്ങുകയായിരുന്ന മലയാളികൾ സഞ്ചരിച്ച ബസ് ട്രെയിലറിലിടിച്ച് മൂന്നു മരണം.

- ഷിയാ വിമതരെന്നു തെറ്റിദ്ധരിച്ച് യമനൻ സൈന്യം അമോൻ പ്രവിശ്യയിലെ അഭയാർത്ഥി ക്യാമ്പിനുനേരെ നടത്തിയ വ്യോമാക്രമണത്തിൽ സ്ത്രീകളും കുട്ടികളുമടക്കം 87 മരണം.

- അഫ്ഗാൻ തലസ്ഥാനമായ കാബൂളിൽ നാറ്റോ സേനാ വാഹനവ്യൂഹത്തിനു നേർക്കു നടന്ന ചാവേർ ബോംബാക്രമണത്തിൽ ആറ് ഇറ്റാലിയൻ സൈനികർ ഉൾപ്പെടെ 16 മരണം.

- വിദ്യാഭ്യാസ മേഖലയിലെ തട്ടിപ്പ് തടയുക ലക്ഷ്യമാക്കി ഇ-വിസ സംവിധാനം വഴിയുള്ള അപേക്ഷകളുടെ പരിശോധന ഓസ്ട്രേലിയ കർശനമാക്കി.

**18.** പാകിസ്ഥാൻ ചീഫ് ജസ്റ്റിസ് ഇഫ്തികർ മുഹമ്മദ് ചൗധരിയെ പുറത്താക്കിയ തന്റെ നടപടി അബദ്ധമായിപ്പോയെന്ന് പ്രവാസത്തിൽ കഴിയുന്ന മുൻ പ്രസിഡണ്ട് പർവേസ് മുഷറഫ്.



- ആണവായുധങ്ങൾ സ്വന്തമാക്കാൻ ഇറാൻ ആഗ്രഹിക്കുന്നില്ലെന്ന് പ്രസിഡണ്ട് മെഹ്മൂദ് അഹ്മദി നെജാദ്.

- ഇന്ത്യയുടെയും അമേരിക്കയുടെയും സമ്മർദം ശക്തമായതിനെത്തുടർന്ന് മുംബൈ ഭീകരാക്രമണത്തിന്റെ ആസൂത്രകനും ജമാ അത്തുദ്ദവ മേധാവിയുമായ ഹാഫിസ് മുഹമ്മദ് സയീദിനെതിരെ ഭീകരവിരുദ്ധ നിയമപ്രകാരം പാകിസ്ഥാൻ കേസെടുത്തു.

**19.** ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രസിദ്ധീകരണമായ ഗ്ലോബൽ ടൈംസ് പ്രസിദ്ധീകരിച്ച ആധുനിക ചൈനയിലെ 120 കോടി ജനങ്ങളിൽ സ്വാധീനം ചെലുത്തിയ 60 വിദേശികളുടെ പട്ടികയിൽ രവീന്ദ്രനാഥ ടാഗോർ പതിനൊന്നാമതും ജവഹർലാൽ നെഹ്റു പത്തൊൻപതാമതും സ്ഥാനം പിടിച്ചു.

- വടക്കുപടിഞ്ഞാറൻ പാകിസ്ഥാനിലെ കോഹട്ട് ജില്ലയിൽ കച്ഛാപുക്ക മാർക്കറ്റിലുണ്ടായ ചാവേർ ബോംബുസ്ഫോടനത്തിൽ 33 മരണം.

●വാല്യം 3 ●ലക്കം 2
30 സെപ്റ്റംബർ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

**Prathichaya**
NEWS WEEKLY
Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

# മേഴ്സി രവി സ്ത്രീശാക്തീകരണത്തിന്റെ ഉദാത്ത മാതൃക

**കെ. എം. മാണി**

*രാഷ്ട്രീയത്തിലെ സ്ത്രീശക്തിയുടെ മാതൃകയായിരുന്ന മേഴ്സി രവിയുടെ സ്മരണ പുതുക്കി കോട്ടയത്ത് സംഘടിപ്പിച്ച സമ്മേളനം ശ്രദ്ധേയമായി. യുഡിഎഫ് കോട്ടയം നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് എത്തിയവർ മേഴ്സിയെപ്പറ്റിയുള്ള ഓർമകൾ പങ്കുവച്ചു. നിറഞ്ഞ സദസ്സായി കോട്ടയത്തെ പൗരാവലിയും. കേരളാ കോൺഗ്രസ് (എം) ലീഡർ കെ.എം.മാണി എംഎൽഎ സമ്മേളനം ഉദ്ഘാടനം ചെയ്തു. മുൻ മേഘാലയ ഗവർണർ എം.എം.ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. യുഡിഎഫ് കോട്ടയം നിയോജകമണ്ഡലം ചെയർമാൻ ഷാജൻ കട്ടച്ചിറ അധ്യക്ഷത വഹിച്ചു.*



*യുഡിഎഫ് കോട്ടയം നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേഴ്സി രവി അനുസ്മരണ സമ്മേളനം കെ.എം.മാണി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, ഷാജൻ കട്ടച്ചിറ, എം.എം.ജേക്കബ്, കെ.സി.ജോസഫ് എംഎൽഎ, അജയ് തറയിൽ, ഇ.ജെ.ആഗസ്തി, മോഹൻ കെ.നായർ, സ്റ്റീഫൻ ജോർജ് എന്നിവർ സമീപം.*

രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിലെ സ്ത്രീശാക്തീകരണത്തിന്റെ ഉദാത്ത മാതൃകയായിരുന്നു മേഴ്സി രവിയെന്ന് കെ. എം.മാണി അനുസ്മരിച്ചു. യുഡിഎഫ് കോട്ടയം നിയോജക മണ്ഡലം കമ്മിററിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേഴ്സി രവി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വയലാർ രവിയെന്ന വലിയ രാഷ്ട്രീയ നേതാവിന്റെ പിന്നിൽ എക്കാലവും മേഴ്സി സജീവസാന്നിധ്യമായിരുന്നു. അതിലുപരിയായി മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് കടന്നുവരികയും തെരഞ്ഞെടുപ്പിൽ വിജയിച്ച് നിയമസഭാംഗമാവുകയും ചെയ്ത ആ കാലഘട്ടമാണ് മേഴ്സിയെ ജനങ്ങൾക്ക് പ്രിയങ്കരിയാക്കിയത്.

ജീവിതത്തിലുടനീളം മേഴ്സി സുധീരവും ഉറച്ചതുമായ നിലപാടുകൾ പിന്തുടർന്നു. വയലാർ രവിയെപ്പോലെ ദേശീയ രാഷ്ട്രീയത്തിൽ ഉയർന്ന സ്ഥാനമാനങ്ങൾ നേടുവാൻ മേഴ്സിക്കും കഴിയുമായിരുന്നു. എന്നാൽ അനാരോഗ്യം അതിനു വിഘാതമായി.

വളരെ കുറഞ്ഞകാലം കൊണ്ടു തന്നെ ഒരു ജനപ്രതിനിധിയെന്ന നിലയിലും പൊതുപ്രവർത്തക എന്ന നിലയിലും ജനങ്ങളുടെ വിശ്വാസവും സ്നേഹവും അളവറ്റ നിലയിൽ നേടുവാൻ മേഴ്സിക്ക് കഴിഞ്ഞിരുന്നു. മേഴ്സിയുടെ വിയോഗം കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങൾക്കു തീരാനഷ്ടമാണെന്നും കെ.എം.മാണി പറഞ്ഞു.

## നഷ്ടപ്പെട്ടത് പ്രേരക ശക്തിയും തണലും

**എം.എം.ജേക്കബ്**



സാമ്പത്തിക പരാധീനതകൾക്ക് നടുവിൽ ഒരു വിദ്യാർത്ഥി സംഘടനാ നേതാവ് എന്ന നിലയിൽ തുടങ്ങി ദേശീയ രാഷ്ട്രീയത്തിലെ നിർണായക സ്വാധീന ശക്തിയുള്ള നേതാവ് എന്നതിലേക്കുള്ള വയലാർ രവിയുടെ ജീവിതയാത്രയിൽ പ്രേരകശക്തിയും തണലുമായിരുന്നു മേഴ്സിരവിയെന്ന് കോൺഗ്രസ് നേതാവും മുൻ മേഘാലയ ഗവർണറുമായ എം.എം. ജേക്കബ് പറഞ്ഞു.

പക്വമതിയും സ്നേഹസമ്പന്നമായ മനസ്സിനുടമയുമായിരുന്നു മേഴ്സി. ഏത് അസൗകര്യത്തോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടാനും അവർക്ക് കഴിഞ്ഞിരുന്നു.

## പിന്നിൽ പ്രവർത്തിക്കാൻ ഇഷ്ടപ്പെട്ടു

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**



രാഷ്ട്രീയത്തിന്റെ തിരശ്ശീലയ്ക്കു പിന്നിൽ പ്രവർത്തിക്കാനാണ് മേഴ്സി രവി ആഗ്രഹിച്ചതെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ പറഞ്ഞു.

ഒരു കുടുംബിനി എന്ന നിലയിൽ, പ്രത്യേകിച്ച് വയലാർ രവിയെപ്പോലെ തിരക്കൊഴിയാത്ത ഒരു രാഷ്ട്രീയനേതാവിന്റെ പത്നി എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വമാണ് മേഴ്സി രവിയ്ക്ക് നിർവഹിക്കാനുണ്ടായിരുന്നത്. അവ പൂർണ മനസ്ഥൈര്യത്തോടു കൂടി ചെയ്യുവാൻ കഴിഞ്ഞു. നിയമസഭാംഗമായിരിക്കെ ഒരു ജനപ്രതിനിധി എന്ന നിലയിലും താൻ പൂർണ വിജയമാണെന്ന് മേഴ്സിരവി തെളിയിച്ചു.

## അവിസ്മരണീയ പ്രസംഗങ്ങൾ

**കെ.സി.ജോസഫ്**



നിയമസഭാംഗമായിരിക്കെ വിവിധ വിഷയങ്ങൾ സംബന്ധിച്ച ചർച്ചകളിൽ ഇടപെട്ടുകൊണ്ട് മേഴ്സി നടത്തിയ പ്രസംഗങ്ങൾ അവിസ്മരണങ്ങളാണെന്ന് കോട്ടയം ഡിസിസി പ്രസിഡണ്ട് കെ.സി. ജോസഫ് എം.എൽ.എ പറഞ്ഞു.

കാര്യങ്ങൾ വസ്തുനിഷ്ഠമായും ആധികാരികമായും സമഗ്രമായും പഠിച്ച് അവതരിപ്പിച്ചതുവഴി മറുചേരിയിലുള്ളവരുടെ പോലും പ്രശംസ മേഴ്സി പിടിച്ചുപറ്റി. ഗാട്ട് കരാറിനെ സംബന്ധിച്ച് നിയമസഭയിൽ നടത്തിയ പ്രസംഗം ഇതിന് ഏറ്റവും നല്ല ഉദാഹരണമായിരുന്നു.

## നികത്താനാവാത്ത വിടവ്

**ജോസ് കെ. മാണി**



മേഴ്സി രവിയുടെ നിര്യാണം മൂലം കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ നികത്താനാവാത്ത വിടവാണ് ഉണ്ടായിരിക്കുന്നതെന്ന് ജോസ്.കെ. മാണി എം.പി പറഞ്ഞു. രാഷ്ട്രീയ വേർതിരിവുകൾക്കതീതമായി ജനകീയയായിത്തീർന്ന നേതാവാണ് മേഴ്സി രവി.

ഒരു കുടുംബിനി എന്ന നിലയിലും രാഷ്ട്രീയ, സാമൂഹിക പ്രവർത്തക എന്ന നിലയിലും ജനപ്രതിനിധി എന്ന നിലയിലും വ്യക്തിമുദ്ര പതിപ്പിച്ച മേഴ്സി രവി രാഷ്ട്രീയ പ്രതിയോഗികളുടെ പോലും ആദരവും സ്നേഹവും പിടിച്ചുപറ്റിയിട്ടുണ്ട്.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK